**പോലീസ് നടപടിയുമായി ബന്ധപ്പെട്ട് മരണമടഞ്ഞവരുടെയും പരിക്കുപറ്റിയവരുടെയും വിശദാംശങ്ങൾ**

35 [2465] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വെടിവയ്പ്, ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ്, ഗ്രനേഡ്, ജലപീരങ്കി എന്നിവ എവിടെയെല്ലാം പ്രയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് മരണമടഞ്ഞവരുടെയും പരിക്കുപറ്റിയവരുടെയും വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കുമോ;

(സി) ജനപ്രതിനിധികളായിട്ടുള്ള ആർക്കൊക്കെ ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് പരിക്കുപറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വെടിവയ്പിൽ രണ്ടുപേർ മരണപ്പെട്ടിട്ടുണ്ട്.

(1) 28-12-2001-ൽ നടന്ന തുമ്പ വെടിവയ്പിൽ വർഗീസ് എന്നയാൾ മരണപ്പെട്ടു.

(2) 19-2-2003-ൽ മുത്തങ്ങ വെടിവയ്പിൽ ജോഗി എന്നയാൾ മരണപ്പെട്ടു.

*പരിക്കേറ്റവർ* :

വെടിവയ്പും അതിനോടനുബന്ധിച്ച് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ നടത്തിയ ശ്രമങ്ങൾക്കും ഇടയിൽ 170 ഓളം ആളുകൾക്ക് പരിക്കേറ്റിട്ടുണ്ട്.

ലാത്തിച്ചാർജ്ജിൽ 937 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

ടിയർ ഗ്യാസ് ഉപയോഗിച്ചതിൽ 50-ഓളം പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഗ്രനേഡ് ഉപയോഗിച്ചതിൽ 24-ഓളം പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ജലപീരങ്കി ഉപയോഗിച്ചതിൽ ആർക്കും പരിക്ക് പറ്റിയിട്ടില്ല.

(സി) *തിരുവനന്തപുരം ജില്ല:* 15-7-2003-ന് പാളയം ഓൾഡ്‌വാർ മെമ്മോറിയലിനു സമീപംവച്ച് ലാത്തിച്ചാർജ്ജുമായി ബന്ധപ്പെട്ട് ശ്രീ. പി. എസ്. സുപാൽ എം. എൽ.എ.യ്ക്ക് പരിക്കേറ്റിട്ടുണ്ട്. 8-7-2005-ന് സെക്രട്ടേറിയറ്റ് മെയിൻഗേറ്റ് ഭാഗത്തുവച്ച് നടന്ന ആർ.വൈ.എഫ്. സമരം അക്രമാസക്തമായതിനെത്തുടർന്ന് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ ലാത്തിചുഴറ്റി പിരിച്ചുവിട്ട സമയം തിക്കിലും തിരക്കിലുംപെട്ട് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി.ക്കും ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.ക്കും പരിക്ക് പറ്റിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

*തൃശ്ശൂർ ജില്ല:* 4-6-2002-ൽ തൃശ്ശൂർ വെസ്റ്റിൽ ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ.യ്ക്കും പരിക്ക് പറ്റിയിട്ടുണ്ട്.

*പാലക്കാട് ജില്ല:* 17-3-2003-ൽ നടന്ന ഡി. പി. ഒ. മാർച്ചിനോടനുബന്ധിച്ച് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. എൻ. എൻ. കൃഷ്ണദാസ് (എം. പി., പാലക്കാട്), ശ്രീ. അജയകുമാർ (എം.പി., ഒറ്റപ്പാലം), ശ്രീ. റ്റി. ശിവദാസമേനോൻ (മുൻമന്ത്രി), ശ്രീ. സി. കെ. രാജേന്ദ്രൻ (മുൻ എം.എൽ.എ.), ശ്രീ. കെ. പി. രാമകൃഷ്ണൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ മമ്മിക്കുട്ടി (ജില്ലാ ലെജിസ്ലേറ്റീവ് ബ്ലോക്ക് പ്രസിഡന്റ്) എന്നിവർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

*വയനാട് ജില്ല:* 17-3-2003-ൽ നടന്ന ഡി. പി. ഒ. മാർച്ചിനോടനുബന്ധിച്ച് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. സുഗതൻ (മുനിസിപ്പാലിറ്റി കൗൺസിലർ) പരിക്ക് പറ്റിയിട്ടുണ്ട്.

**ബഹുജന സമരങ്ങൾക്കെതിരെയുള്ള ഗ്രനേഡ് പ്രയോഗത്തെക്കുറിച്ച് അന്വേഷണം**

36 [2466] *ശ്രീ. സി. കെ. നാണു:*
,, *കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
*ഡോ. എ. നീലലോഹിതദാസൻ നാടാർ:*
,, *കെ. സി. ജോസഫ്* : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രനേഡുകൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുതന്നെയാണോ ബഹുജനസമരങ്ങൾക്കെതിരെ പോലീസ് ഗ്രനേഡുകൾ പ്രയോഗിച്ചിട്ടുള്ളതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

*ഉത്തരം*

ടിയർ സ്മോക്ക് ഗ്രനേഡുകൾ പ്രയോഗിക്കുന്നതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുതന്നെയാണ് Non-Lethal Munition ഇനത്തിൽപ്പെട്ട ടിയർ സ്മോക്ക് ഗ്രനേഡുകൾ പോലീസ് ഉപയോഗിക്കാറുള്ളത്.

**"പോലീസുകാർക്ക് പരിശീലനം നൽകുന്ന ട്രെയിനിംഗ് സെന്ററുകൾ"**

37 [2467] *ശ്രീ. എ. എ. അസീസ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർക്ക് പരിശീലനം നൽകാൻ സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് സെന്ററുകളാണ് ഉള്ളത് എന്നും, എവിടെയെല്ലാമാണ് എന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly